**സർക്കുലർ: 4/19**

**മിശിഹായിൽ പ്രിയ സഹോദരേ, വത്സലമക്കളേ,**

ഈശോയുടെ പിറവിത്തിരുന്നാൾ ആഘോഷിക്കുവാനുള്ള ഒരുക്കത്തിന്റെ അവസരമായ ആഗമനകാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ദൈവദൂതരെക്കാൾ അല്പം മാത്രം താഴ്ന്നവനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, പാപം ചെയ്ത് തന്നിൽ നിന്നകന്നിട്ടും തന്റെ ഏകജാതനെ നല്കാൻ തക്കവിധം മനുഷ്യനെ സ്നേഹിച്ച പിതാവായ ദൈവത്തിന്റെ വാത്സല്യവും കരുതലും പ്രത്യേകമായി ധ്യാനിക്കേണ്ട സമയമാണിത്. വചനാധിഷ്ഠിത ജീവിതത്തിലൂടെയും സ്നേഹത്തിൽ പൂർണമാകുന്ന വിശ്വാസത്തിലൂടെയും ദൈവത്തിനു മഹത്ത്വവും മനുഷ്യർക്കു സമാധാനവും പ്രദാനം ചെയ്യുന്ന ഒരു ക്രിസ്മസ് അനുഭവം സ്വന്തമാക്കുവാൻ ഈ നോമ്പുകാലം നാം ഉപകാരപ്പെടുത്തണം. ഇതിനു സഹായിക്കുന്ന ലളിതമായ രണ്ടു ആത്മീയ ചിന്തകൾ ഇവിടെ പങ്കുവയ്ക്കട്ടെ.

ഒന്നാമതായി, നമ്മുടെ കർത്താവും ദൈവവുമായ ഈശോ പിറന്നു വീണ കാലിത്തൊഴുത്തിന്റെ നിസ്സാരതയും മഹത്ത്വവും നമ്മുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാം. മനുഷ്യർ വസിക്കുന്ന സത്രങ്ങളിൽ സ്ഥലം ലഭിക്കാത്തതുകൊണ്ടാണ് കാലികൾ വിശ്രമിക്കുന്ന തൊഴുത്തിന്റെ മൂലയിലേക്ക് ദൈവപുത്രൻ സ്വയം ഒതുങ്ങിയത്. വിസ്തൃതവും വർണദീപങ്ങളാൽ രമണീയവുമായ ആധുനിക പുൽക്കൂടുകളുടെ മുമ്പിൽ നിൽക്കുമ്പോൾ വലിയ വെടിപ്പും വെളിച്ചവുമൊന്നുമില്ലാത്ത ആ പഴയ തൊഴുത്തിന്റെ നിസ്സാരത നാം മറക്കരുത്. ഒപ്പം, അനേകമാളുകൾ ദിവസേന കയറിയിറങ്ങിപ്പോകുന്ന സത്രങ്ങളിലെ വാടകമുറികൾക്കില്ലാത്ത ഒരു മഹനീയത ആ കാലിത്തൊഴുത്തിനുണ്ടായിരുന്നുവെന്നതും നാം സ്മരിക്കണം. കാലിത്തൊഴുത്തിന്റെ ആകർഷണീയമായ ശ്രേഷ്ഠത എല്ലാവർക്കും അവിടെ സ്ഥലമുണ്ട് എന്നതാണ്. വന്നുപിറക്കാനും കൂടെ വസിക്കാനും സ്ഥലം ചോദിച്ച് നമ്മുടെ ജീവിതത്തിന്റെ വാതിലിൽ മുട്ടുന്ന ദൈവത്തോടുള്ള നമ്മുടെ മറുപടിയെന്താണ്? എന്റെ ഹൃദയത്തിലും ഭവനത്തിലും ദൈവത്തിനും ദൈവത്തിന്റെ പാവങ്ങൾക്കും സ്ഥലമുണ്ടോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ഈ ആഗമനകാലത്ത് നമുക്കു ശ്രദ്ധിക്കാം.

രണ്ടാമതായി, ഒരുക്കത്തിന്റെ ഈ സമയത്ത് നാം ഉപേക്ഷിക്കേണ്ട ഒരു കാര്യം നമ്മുടെ നിസംഗതയാണ്. ക്രിസ്തു എവിടെയാണ് ജനിക്കുന്നതെന്ന ഹേറോദേസ് രാജാവിന്റെ ചോദ്യത്തിന് തിരുലിഖിതങ്ങളെ ഉദ്ധരിച്ച് കൃത്യമായി ഉത്തരം നല്കിയ പുരോഹിതരെയും ജ്ഞാനികളെയും വിശുദ്ധ മത്തായിയുടെ സുവിശേഷം രണ്ടാം അധ്യായത്തിൽ നാം കാണുന്നു. യൂദയായിലെ ബെത്‌ലേഹമാണ് ക്രിസ്തുവിന്റെ ജന്മസ്ഥലമെന്നറിഞ്ഞിട്ടും ക്രിസ്തു ജനിച്ചിരിക്കുന്നുവെന്ന് പൂജരാജാക്കന്മാരിൽ നിന്നും സാക്ഷ്യം ലഭിച്ചിട്ടും അവനെ അന്വേഷിച്ചിറങ്ങാൻ തയ്യാറാകാത്ത ജറുസലേമിലെ പ്രമുഖരുടെ ആത്മീയ നിസംഗത നാം ആത്മശോധനാ വിഷയമാക്കണം. വയലിൽ വസിച്ചിരുന്ന ആട്ടിടയന്മാർ ചിന്തിച്ചതുപോലെ നമുക്ക് ബെത്‌ലേഹം വരെ പോകാം (ലൂക്കാ 2:15) എന്ന് ജെറുസലേം പട്ടണത്തിലെ പുരോഹിതർക്കും ജ്ഞാനികൾക്കും തോന്നിയില്ലല്ലോ. പ്രിയമുള്ളവരെ, ഈ നോമ്പുകാലദിനങ്ങൾ നമുക്ക് ബെത്‌ലേഹം ലക്ഷ്യമാക്കി നടക്കാം. ആത്മീയ കാര്യങ്ങളിലുള്ള മടുപ്പും ലൗകിക ജീവിതത്തിന്റെ ആലസ്യങ്ങളും ഉപേക്ഷിച്ചുകൊണ്ട് നക്ഷത്രത്തെ അനുഗമിച്ച് പുൽക്കൂടിന്റെ ലാളിത്യത്തിലേക്കും വിശുദ്ധിയിലേക്കും നമുക്കു നടന്നുനീങ്ങാം.

എറണാകുളം – അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരി എന്ന ദൗത്യം ഞാൻ ഏറ്റെടുത്തിട്ട് മൂന്നുമാസം പൂർത്തിയായി. അതിരൂപതയിലെ എല്ലാ ഫൊറോനകളും ഇതിനകം സന്ദർശിച്ച് ഭൂരിഭാഗം വൈദികരെയും കണ്ടു ഞാൻ സംസാരിച്ചു. പരിചയമുള്ളവരെ കൂടുതൽ അടുത്തറിയുവാനും മറ്റുള്ളവരെ പരിചയപ്പെടുവാനും ഈ സന്ദർഭങ്ങളിലൂടെ എനിക്കു സാധിച്ചു. പരിശുദ്ധ സിംഹാസനത്തിന്റെയും സീറോ മലബാർ സിനഡിന്റെയും തീരുമാനപ്രകാരം നമ്മുടെ അതിരൂപതാ ഭരണസംവിധാനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെ എല്ലാവരും വലിയ പ്രതീക്ഷയോടെ സ്വാഗതം ചെയ്തതായാണ് എനിക്ക് അനുഭവപ്പെട്ടത്. അതിരൂപതയിൽ സമീപകാലത്ത് ഉണ്ടായ പ്രശ്നങ്ങൾ ഒരു പരിധി വരെ ദൈവാനുഗ്രഹത്താലും എല്ലാവരുടെയും സഹകരണത്താലും പരിഹരിക്കാൻ സാധിച്ചു. ഇനിയുമുള്ളവയ്ക്ക് നീതിപൂർവകമായ പരിഹാരം കണ്ടെത്തുവാനുള്ള പരിശ്രമത്തിന്റെ ഭാഗമായി കാനോനിക സമിതികളുടെ യോഗങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിരൂപതയുടെ സർവോതോന്മുഖമായ വികസനത്തിനുള്ള ഒരു ദീർഘകാല പദ്ധതിയുടെ

രൂപരേഖയും കാനോനികസമിതി യോഗങ്ങളുടെ ചർച്ചാവിഷയമാണ്. അധികം താമസിയാതെ സന്ന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിനെയും, ഫൊറോനാ തലത്തിൽ ഇടവകകളിലെ അല്മായ പ്രതിനിധികളെയും ഞാൻ കാണുകയും ആനുകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതുമായിരിക്കും. എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കാൻ കഴിവുള്ള ദൈവത്തിൽ ആശ്രയിച്ച് നമുക്ക് പ്രത്യാശയോടെയും പ്രാർത്ഥനയോടെയും മുന്നേറാം.

അതിരൂപതയുടെ പ്രഥമ മെത്രാനായ അഭിവന്ദ്യ മാർ ളൂയിസ് പഴേപറമ്പിൽ പിതാവ് ഇഹലോകവാസം വെടിഞ്ഞിട്ട് ഈ ഡിസംബർ 9–ാം തീയതി ഒരു നൂറ്റാണ്ട് തികയുകയാണ്. 1896 മുതൽ 1919 വരെ 23 വർഷത്തെ മെത്രാൻ ശുശ്രൂഷയിലൂടെ അദ്ദേഹം അതിരൂപതയ്ക്ക് ബലവത്തായ അടിസ്ഥാനമിട്ടു. നമ്മുടെ മെത്രാസനമന്ദിരം പണികഴിപ്പിച്ചത് അദ്ദേഹമാണ്. വൈദീകാർത്ഥികൾക്ക് പ്രാഥമികപരിശീലനം നല്കുന്നതിനായി മെത്രാസനമന്ദിരത്തിൽത്തന്നെ തിരുഹൃദയ മൈനർ സെമിനാരി അദ്ദേഹം ആരംഭിച്ചു. നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആലുവ സെന്റ് മേരീസ് സ്കൂൾ തുടങ്ങിയതും അദ്ദേഹത്തിന്റെ കാലത്താണ്. ഇടവകകളിൽ നിർബന്ധമായും പള്ളിക്കൂടങ്ങൾ ആരംഭിക്കണമെന്ന് പിതാവ് കല്പന നല്കിയതുമൂലം ഒട്ടേറെ സ്കൂളുകൾ ആ കാലഘട്ടത്തിൽ പള്ളികളുടെ കീഴിൽ അതിരൂപതയിൽ സ്ഥാപിതമായി. നിരവധി ഇടവകകൾ, ഇടവകപ്പള്ളികൾ, സന്ന്യാസഭവനങ്ങൾ, അനാഥമന്ദിരങ്ങൾ എന്നിവ പിതാവിന്റെ കാലത്ത് സ്ഥാപിക്കപ്പെടുകയുണ്ടായി. അഭിവന്ദ്യ പഴേപറമ്പിൽ പിതാവ് അതിരൂപതയ്ക്ക് ചെയ്ത എല്ലാ നന്മകളെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. അദ്ദേഹത്തിന്റെ ചരമശതാബ്ദി ദിനമായ ഡിസംബർ 9–ാം തീയതി തിങ്കളാഴ്ച പിതാവിനുവേണ്ടി നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന അർപ്പിക്കേണ്ടതും ഒപ്പീസ് ചൊല്ലേണ്ടതുമാണ് എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ഇടവകകളിലെ തിരുനാളുകളുടെ സമയം അടുത്തുവരുന്നു. വിശ്വാസം പ്രഘോഷിക്കുന്നതും ലാളിത്യവും സൗഹൃദവും കൂട്ടായ്മയും വളർത്തുന്നതുമാകണം നമ്മുടെ തിരുനാൾ ആഘോഷങ്ങൾ. വിശ്വാസമൂല്യമുള്ള പാരമ്പര്യങ്ങൾ നിലനിർത്തുന്നതോടൊപ്പം കാലാനുസൃതവും ഗുണപരവുമായ മാറ്റങ്ങൾ നമ്മുടെ തിരുനാൾ ആഘോഷങ്ങളിൽ കൊണ്ടുവരാൻ ശ്രദ്ധിക്കണം. നമ്മുടെ തിരുനാൾ ആഘോഷരീതികൾ പൊതുസമൂഹത്തിൽ പരിഹസിക്കപ്പെടാൻ ഇടയാകരുത്.

ഈശോയുടെ ജനനം ലോകത്തിനു മുഴുവൻ ശാന്തിയും സമാധാനവും പ്രദാനം ചെയ്തതുപോലെ നമ്മിൽ ദൈവം ജനിക്കുമ്പോൾ നമ്മുടെ സാന്നിധ്യവും പെരുമാറ്റവും എല്ലാവർക്കും സന്തോഷവും നന്മയുമേകുന്നതായി മാറും. ആഗതമാകുന്ന ഈശോയുടെ പിറവിത്തിരുന്നാളിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ ഏവർക്കും നേർന്നുകൊണ്ടും മിശിഹായിൽ ഏവരെയും ആശീർവദിച്ചുകൊണ്ടും,

ആർച്ചുബിഷപ്പ് ആന്റണി കരിയിൽ
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം – അങ്കമാലി അതിരൂപത

..............................

**N.B:** ഈ സർക്കുലർ 2019 ഡിസംബർ 8–ാം തീയതി ഞായറാഴ്ച കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേതാണ്.